➪ പ്രത്യേക ലക്ഷ്യങ്ങളൊന്നും ഈ സമരം മുന്നോട്ട് വച്ചിരുന്നില്ല എന്നതാണ് പ്രശ്നം ➪

# ഭൂമി പ്രശ്നത്തിൽ രാഷ്ട്രീയ ധാരണയില്ല

സി.പി.എമ്മിന്റെ ഭൂസമരത്തിലൂടെ ദളിതരെയും ആദിവാസികളെയും വീണ്ടും കോളനിവത്കരിക്കാനുള്ള ശ്രമങ്ങളാണ് നടക്കാൻ പോകുന്നത്. സാങ്കേതിക വിദ്യാഭ്യാസം വേണ്ട ജോലികൾക്ക് പോകാൻ കഴിയാത്തവരാണ് ഭൂരഹിതരിൽ ഏറെയും. കൃഷി ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നതുമാത്രമാണ് അവർക്ക് മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോകുന്നതിനുള്ള മാർഗ്ഗം.

**എം. ഗീതാനന്ദൻ**

**സർക്കാറുമായി** ധാരണയുണ്ടാക്കി ഭൂപ്രശ്നത്തെയും ആദിവാസി-ദളിത് മേഖലയിൽ നടക്കുന്ന ഭൂസമരങ്ങളെയും അട്ടിമറിക്കാനുള്ള ശ്രമമാണ് സി.പി.എം ഭൂസമരത്തിലൂടെ നടത്തിയതെന്നാണ് ഇപ്പോൾ വ്യക്തമാകുന്നത്. കൃത്യമായ ഉറപ്പുകളൊന്നുമില്ലാതെയാണ് ഭൂസമരം സി.പി.എം പിൻവലിച്ചിരിക്കുന്നത്. പ്രത്യേക ലക്ഷ്യങ്ങളൊന്നും ഈ സമരം മുന്നോട്ട് വച്ചിരുന്നില്ല. ഭൂരഹിതർക്ക് കൃഷിഭൂമി നൽകുക എന്ന നയം സി.പി.എമ്മിനില്ല.

വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ നടത്തിയ മൂന്നാർ ഓപ്പറേഷന്റെ സമയത്ത് രണ്ടാം ഭൂപരിഷ്കരണം എന്ന മുദ്രാവാക്യം അവ്യക്തമായെങ്കിലും കേരളത്തിൽ ഉയർന്നുവന്നിരുന്നു. സി.പി.എമ്മിന്റെ ഔദ്യോഗിക നേതൃത്വം അത് തള്ളിക്കളയുകയും ചെയ്തിരുന്നു. തോമസ് ഐസക് ആയിടെ എഴുതിയ ഒരു പുസ്തകത്തിൽ കേരളത്തിൽ ഇനി ഭൂപരിഷ്കരണത്തിന് പ്രസക്തിയില്ല എന്ന് വാദിക്കുകയുണ്ടായി. അഞ്ച് ശതമാനം ഭൂപ്രഭുക്കന്മാർക്കെതിരെ 95 ശതമാനം വരുന്ന ഭൂരഹിതർ നടത്തിയ സമരം അക്കാലത്ത് പ്രസക്തമായിരുന്നെങ്കിലും ഇന്ന് 35 ശതമാനം കർഷകർക്കെതിരെ മറ്റ് ജനവിഭാഗങ്ങളെ തിരിച്ചുവിടുന്നത് ശരിയല്ല എന്നാണ് ഐസക്ക് എഴുതിയത്. സി.പി.എമ്മിന്റെ ഔദ്യോഗിക നയം കൂടിയാണ് അതിലൂടെ വ്യക്തമാകുന്നത്. ഒരു സെന്റ് ഭൂമി പോലുമില്ലാത്ത രണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തോളം ഭൂരഹിതർ കേരളത്തിൽ ഉണ്ടെന്നാണ് സർക്കാർ കണക്ക്. അതിൽ ഒരു ലക്ഷം പേർക്ക് ഉടൻ ഭൂമി കൊടുക്കും എന്നതാണ് യു.ഡി.എഫ് നയം. ഭൂസമരം പിൻവലിച്ചതോടെ ആ നയം തത്വത്തിൽ എൽ.ഡി.എഫും അംഗീകരിച്ചിരിക്കുകയാണ്. ഫെബ്രുവരി 15 വരെയാണ് അതിനായി സമയം അനുവദിച്ചിരിക്കുന്നത്. അക്കാര്യത്തിൽ മാത്രമാണ് ഭൂസമരം നടത്തിയ സമരസമിതിക്ക് കൃത്യമായ ഉറപ്പ് കിട്ടിയിരിക്കുന്നത്.

യു.ഡി.എഫും എൽ.ഡി.എഫും എത്തിച്ചേർന്നിരിക്കുന്ന ഈ നയമാണ് കുഴപ്പം. ദളിതർ കൂടുതൽ കോളനിവത്കരിക്കപ്പെടാൻ പോകുന്നു എന്നതാണ് ഈ നയത്തിലൂടെ ഫലത്തിൽ സംഭവിക്കാൻ പോകുന്നത്. സംസ്ഥാനത്ത് 26964 ദളിത് കോളനികളും 10,000 ആദിവാസി കോളനികളുമാണുള്ളതെന്ന് കില

(കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ) അടുത്തിടെ നടത്തിയ ഒരു പഠനത്തിൽ പറയുന്നുണ്ട്. സർക്കാർ കണ്ടെത്തുന്ന ഒരു ലക്ഷം ഭൂരഹിതർക്ക് മൂന്ന് സെന്റ് വീതം ഭൂമി നൽകിയാൽ ഈ കോളനികളുടെ എണ്ണം ഇനിയും കൂടും. കോളനിവത്കരണത്തിൽ നിന്നും കേരളത്തിലെ ദളിത് – ആദിവാസി ജനതയ്ക്ക് മോചനം ലഭിക്കില്ല. സാങ്കേതിക വിദ്യാഭ്യാസം വേണ്ട ആധുനിക ജോലികൾക്ക് പോകാൻ കഴിയാത്തവരാണ് ഭൂരഹിതരിൽ ഏറെയും. ഐ.ടി മേഖലയിൽ തൊഴിലെടുക്കാനുള്ള സാധ്യത നിലവിൽ അവർക്കില്ല. കൃഷി ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നതു മാത്രമാണ് അവരുടെ ജീവിതം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോകുന്നതിനുള്ള മാർഗ്ഗം. ഇവിടെ നടക്കാൻ പോകുന്ന കോളനിവത്കരണം ആ പ്രശ്നത്തെ പൂർണ്ണമായും അവഗണിക്കുന്നു.



ആദിവാസി ഭൂമിയുടെ കാര്യത്തിലാണെങ്കിൽ ആന്റണി സർക്കാറുമായി ആദിവാസികളുണ്ടാക്കിയ കരാർ ഇവിടെ നിലവിലുണ്ട്. അതുപ്രകാരം ആദിവാസികൾക്ക് ലഭ്യതയനുസരിച്ച് കുറഞ്ഞത് ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി നൽകണമെന്നാണ് പറയുന്നത്. എന്നാൽ ആദിവാസികൾക്ക് ഒരേക്കറെങ്കിലും ഭൂമി കൊടുക്കണമെന്നാണ് സി.പി.എം മുന്നോട്ട് വയ്ക്കുന്ന മുദ്രാവാക്യം. ആദിവാസി ഭൂസമരത്തിന്റെ രാഷ്ട്രീയത്തെയും നിയമവാഴ്ചയെയും അട്ടിമറിക്കുന്ന നിലപാടാണിത്.

15 ഏക്കറിൽ അധികം ഭൂമി കൈവശം വച്ചിരിക്കുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളുടെ പക്കൽ നിന്നും അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമി തിരിച്ചുപിടിക്കുമെന്നും തോട്ടം മേഖലയിലെ അഞ്ച് ശതമാനം ഭൂമി ടൂറിസം ആവശ്യങ്ങൾക്കായി ഉപയോഗിക്കാം എന്ന തീരുമാനത്തെ എതിർക്കുമെന്നും എല്ലാം സമരത്തിന് മുന്നോടിയായി സി.പി.എം പറഞ്ഞിരുന്നെങ്കിലും സമരം പിൻവലിച്ചപ്പോൾ ആ മുദ്രാവാക്യങ്ങളെല്ലാം എവിടെപ്പോയെന്ന് കാണാനില്ല. ചെങ്ങറ-നെല്ലിയാമ്പതി വിഷയങ്ങൾ ഉയർത്തിവിട്ട പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ വിഷയം ഉയർത്തിക്കൊണ്ടുവരാൻ സി.പി.എമ്മിന് കഴിഞ്ഞില്ല. നെൽവയൽ നീർത്തട സംരക്ഷണ നിയമം അട്ടിമറിക്കരുത് എന്ന മുദ്രാവാക്യവും സമരം മുന്നോട്ട് വച്ചിരുന്നു. ഇപ്പോൾ അതിനെക്കുറിച്ചും കേൾക്കാനില്ല. ഭൂപരിഷ്കരണ കാലത്ത് അവഗണിക്കപ്പെട്ട, ദളിത്-ആദിവാസി വിഭാഗങ്ങൾക്ക് കിട്ടാതെ പോയ ഭൂമി നൽകാനെങ്കിലും അവർക്ക് ആവശ്യപ്പെടാൻ കഴിയണമായിരുന്നു. ആന്റണി സർക്കാറിന്റെ കാലത്ത് പ്രഖ്യാപിച്ച ആദിവാസി പാക്കേജ് നടപ്പിലാക്കാൻ പോലും സി.പി.എം ഈ സമരത്തിന്റെ ഭാഗമായി ആവശ്യപ്പെട്ടിട്ടില്ല. ഭൂമി പ്രശ്നത്തിൽ സി.പി.എമ്മിന് വ്യക്തമായ രാഷ്ട്രീയ ധാരണയില്ല എന്നതാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്. ഭൂമിയെ ഒരു വിഭവമായി പാർട്ടി ഇനിയും പരിഗണിച്ചിട്ടില്ല. അതുകൊണ്ടാണ് യു.ഡി.എഫ് നയവുമായി അവർക്ക് ഇപ്പോൾ അനായാസം കൈകോർക്കാൻ കഴിയുന്നത്. സി.പി.എമ്മിന്റെ ആ നിലപാടില്ലായ്മയാണ് ഈ സമരം അവശേഷിപ്പിക്കുന്ന സന്ദേഹം. ■

## അഞ്ചേക്കർ ഭൂമി

ആദിവാസി ഭൂപ്രശ്നത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് 2001 സെപ്തംബറിൽ സെക്രട്ടേറിയറ്റിന് മുന്നിൽ സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ കുടിൽകെട്ടി സമരം തുടങ്ങി. 2001 ഒക്ടോബർ 16ന് നടന്ന ഒത്തുതീർപ്പ് ചർച്ചയിൽ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് അഞ്ചേക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കുമെന്ന് മുഖ്യമന്ത്രി എ.കെ. ആന്റണി അറിയിച്ചു. ഭൂമി ഷെഡ്യൂൾ ഏരിയയായി പ്രഖ്യാപിക്കാൻ കേന്ദ്രത്തിനോട് ആവശ്യപ്പെടാനും ധാരണയായി. ഇതിൽ സർക്കാർ വീഴ്ച വരുത്തിയതിനെ തുടർന്നാണ് 2003 ജനുവരിയിൽ മുത്തങ്ങയിൽ സമരം ആരംഭിക്കുന്നത്.


## പുതിയ വീഞ്ഞ് പുതിയ കുപ്പി

സാമ്പത്തികഭാരം കൂടിയതിനാൽ കേരളീയം പുതിയ രൂപത്തിനൊപ്പം വിലയും അല്പം കൂട്ടിയിരിക്കുന്നു. വായനക്കാർ സഹകരിക്കുക.

**ഒറ്റപ്രതി: 25 രൂപ**

**വാർഷിക വരിസംഖ്യ: 300 രൂപ**